**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ ക്രൈം നമ്പർ 82/2023 കേസിൽ ഉൾപ്പെട്ട തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി. ജയരാജന് എതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.237/2026/LSGD തീയതി,തിരുവനന്തപുരം, 30-01-2026

---

പരാമർശം:-

1. മലപ്പുറം ജില്ലാ പോലീസ് മേധവിയുടെ 26/09/2023-ലD2(a)-78024/2023/MM(1) നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10/10/2023-ലെ LSGD/PD/57799/2023-VIGC5 നമ്പർ ഉത്തരവ്.
3. സർക്കാരിന്റെ 28/06/2024 ലെ ഇപിബി3/166/2023/തസ്വഭവ നമ്പർ കുറ്റപത്രം.
4. ശ്രീ. വി. ജയരാജൻ 19/07/2024 ൽ സമർപ്പിച്ച എതിർവാദ പത്രിക.

5 തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10-12-2024 LSGD/PD/57799/2023-VIGC5 നമ്പർ കത്ത്.

6. തദ്ദേശ സ്വയംഭരണ വകുപ്പിലെ സസ്പെൻഷൻ റിവ്യു കമ്മിറ്റിയുടെ 20.06.2025-ലെ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

7 ബഹു. മഞ്ചേരി ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോർട്ട് II -ന്റെ സെഷൻസ് കേസ് നമ്പർ 465/2024 മേലുള്ള 27/06/2025 ലെ വിധിന്യായം.

8. സ.ഉ.(സാധാ)നം.2144/2025/LSGD, തീയതി, 30-08-2025.
9. സ.ഉ.(സാധാ)നം.2669/2025/തസ്വഭവ തീയതി, 05/11/2025.

10 22-12-2025 ലെ മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ LSGD/JD/MPM/7206/2024-A1 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട നഗരസഭാ സെക്രട്ടറിയായി ജോലിചെയ്തുവരുന്ന ശ്രീ. വി. ജയരാജനെതിരെ മലപ്പുറം വനിതാ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 82/2023, U/s 376, 354, 354A(1), 354A(2) 354D, 506 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള വിവരം അനന്തരനടപടികൾക്കായി പരാർശം (1) പ്രകാരം മലപ്പുറം ജില്ലാ പോലീസ് മേധാവി പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിരുന്നു.

2. ശ്രീ. ജയരാജനെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് റിമാൻഡ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ KCS(CC&A) Rules ചട്ടം 10- പ്രകാരം 22.09.2023 തീയതി പ്രാബല്യത്തിൽ (റിമാന്റ് ചെയ്യപ്പെട്ട തീയതി) ടിയാളെ പരാമർശം (2) പ്രകാരം സസ്പെന്റ് ചെയ്തിരുന്നു. തുടർന്ന് ശ്രീ. ജയരാജനെതിരെ സർക്കാർ തലത്തിൽ ആരംഭിച്ച അച്ചടക്ക നടപടിയിൽ പരാമർശം (3) പ്രകാരം നൽകിയ കുറ്റപത്രത്തിന് ടിയാൻ പരാമർശം (4) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിൽ, പരാതിക്കാരിയായ ജീവനക്കാരി മുൻ സഹപ്രവർത്തകയാണെന്നും ടി പരാതി വാസ്തവവിരുദ്ധവും കെട്ടിച്ചമച്ചതാണെന്നും, വ്യാജ ആരോപണങ്ങൾ ഉന്നയിച്ച് മനപൂർവ്വം കുടുക്കണം എന്ന ഉദ്ദേശത്തോടു കൂടിയാണ് കേസ് ഫയൽ ചെയ്തിട്ടുള്ളതെന്നും ബോധിപ്പിച്ചിരുന്നു. ആയതിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി അഭിപ്രായ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

*ശ്രീ. ജയരാജൻ വി. മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിക്കവെയാണ് കുറ്റാരോപണ പത്രികയിൽ പരാമർശിക്കുന്നത് പ്രകാരം, സഹപ്രവർത്തകക്കെതിരെ ലൈംഗികാതിക്രമത്തിനും മറ്റ് കുറ്റങ്ങൾക്കും മലപ്പുറം വനിതാ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 82/2023 ആയി കേസ് രജിസ്റ്റർ ചെയ്ത് 22/09/2023 തിയ്യതിയിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്ത കേസിനാസ്പദമായ സംഭവം നടന്നത്. അറസ്റ്റ് ചെയ്യുന്ന സമയത്ത് ടിയാൻ തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട നഗരസഭാ സെക്രട്ടറിയായിരുന്നു. 30/10/2023-ന് ബഹു.ഹൈക്കോടതിയിൽ നിന്ന് ഉത്തരവ് ലഭിച്ചതിന് ശേഷമാണ് ടിയാന് ജാമ്യം ലഭിച്ചത്. ടി കേസ് നിലവിൽ മഞ്ചേരിയിലെ ഫാസ്റ്റ് ട്രാക്ക് കോടതി നമ്പർ 2-ൽ 100465/2024 എന്ന നമ്പറിൽ ക്രൈം രജിസ്റ്റർ ചെയ്ത് വിചാരണ നടന്നുവരുന്നു. നിലവിൽ വിഷയം ബഹു.കോടതിയുടെ പരിഗണനയിലായതിനാൽ കേസിന്റെ മെറിറ്റുമായി ബന്ധപ്പെട്ട് അഭിപ്രായം രേഖപ്പെടുത്തുന്നത് ഉചിതമാകുമെന്ന് കരുതുന്നില്ല. ടിയാന്റെ ഔദ്യോഗിക കാലയളവിനിടയ്ക്ക് ഈയൊരു കേസ് അല്ലാതെ മറ്റ് അച്ചടക്ക നടപടികൾ നേരിടേണ്ടി വന്നിട്ടില്ലാത്തതും ജോലിയിൽ ആത്മാർത്ഥത പുലർത്തി വരുന്ന ഉദ്യോഗസ്ഥനാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടിയാൻ വിവിധ ഗ്രാമപ്പഞ്ചായത്തുകളിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്തുകൾക്ക് നിരവധി പുരസ്കാരങ്ങളും നേട്ടങ്ങളും ലഭിച്ചിട്ടുള്ളതാണെന്ന വിവരവും റിപ്പോർട്ട് ചെയ്യുന്നു.*

3. സസ്പെൻഷൻ പിൻവലിക്കണമെന്ന ശ്രീ. വി. ജയരാന്റെ അപേക്ഷ പരിഗണിച്ച്, തദ്ദേശ സ്വയംഭരണ വകുപ്പിലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ പരാമർശം (6) യോഗതീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ, സസ്പെൻഷൻ പിൻവലിച്ച് ടിയാളെ തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമിച്ച് പരാമർശം (8) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

4. 1960-ലെ KCS(CC&A) Rules ചട്ടം 15 പ്രകാരം ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (9) പ്രകാരം ചുമതലപ്പെടുത്തിയതനനുസരിച്ച് പരാമർശം (10) പ്രകാരം ലഭ്യമായ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ, ശ്രീ. വി. ജയരാജനെ സസ്പെന്റ് ചെയ്യുന്നതിനും തുടർന്ന് ടിയാനെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും കാരണമായ മലപ്പുറം വനിത പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 82/2023 ആയി രജിസ്റ്റർ ചെയ്ത കേസ് ബഹു മഞ്ചേരി ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതി-2465/2024 ആയി പരിഗണിക്കുകയും ശ്രീ. ജയരാജനെ കുറ്റവിമുക്തനാക്കി പരാമർശം (7) പ്രകാരം ബഹു. കോടതി വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ശ്രീ. ജയരാജനെതിരെയുള്ള വകുപ്പ് തല അച്ചടക്കനടപടിയിൽ നിന്ന് ടിയാനെ ഒഴിവാക്കാവുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി. ജയരാജൻ-നെതിരെ ടിയാൻ മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ സഹപ്രവർത്തകക്കെതിരെ നടത്തിയതായ കുറ്റാരോപണവുമായി ബന്ധപ്പെട്ട് മലപ്പുറം വനിത പോലീസ് സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന ക്രൈം നമ്പർ 82/2023 കേസിൽ (സെഷൻസ് കേസ് നമ്പർ 465/2024) ബഹു. മഞ്ചേരി ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോർട്ട് II-ന്റെ പരാമർശം (7) വിധിന്യായ പ്രകാരം ടിയാനെ കുറ്റവിമുക്തനാക്കി വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ, ശ്രീ. വി. ജയരാജന് എതിരായി 1960-ലെ KCS(CC&A) Rules ചട്ടം 15 പ്രകാരം സർക്കാർ തലത്തിൽ ആരംഭിച്ച നടപടികൾ ഉപേക്ഷിച്ച് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. വി. ജയരാജൻ, മുൻ സെക്രട്ടറി, പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്, മലപ്പുറം. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
5. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി3/166/2023/തസ്വഭവ. നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 30-01-2026 22:20:20

സെക്ഷൻ ഓഫീസർ